കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# ഏലംകുളം ഗ്രാമപഞ്ചായത്ത് 2017-18

# ഓഡിറ്റ് റിപ്പോർട്ട്

ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം

e-mail: dompm.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ/എം.പി.എം.11/1946/2018

ജില്ലാ ഓഡിറ്റ് കാര്യാലയം

മലപ്പുറം

തീയതി27-09-2018

ഡെപ്യൂട്ടി ഡയറക്ടർ.

പ്രസിഡന്റ്,(സെക്രട്ടറി മുഖേന)

ഏലംകുളം ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം : ഏലംകുളം ഗ്രാമപഞ്ചായത്ത് - 2017-18 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്.

*************************************************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ഏലംകുളം ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട്, Aims വെബ്സൈറ്റ് മുഖേന പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1) കേരള സംസ്ഥാന ഓഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം (ഉപരിപത്രം സഹിതം)

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, മലപ്പുറം

3)കാര്യാലയ പകർപ്പ്

എം.എ.10/18

നം കെ.എസ്.എ.എം.പി.എം.11/1946/2018 തിയ്യതി:27-09-2018

മലപ്പുറം ജില്ലയിലെ ഏലംകുളം ഗ്രാമ പഞ്ചായത്തിന്റെ 2017-18സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

മലപ്പുറം ജില്ലയിലെ ഏലംകുളം ഗ്രാമ പഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷങ്ങളിലെ ധനകാര്യപത്രികകൾ ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 25-6-2017 മുതൽ 17-7-2018 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണ കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്.11അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 10 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

ഓഡിറ്റ് നടത്തിയതിന്റെ വിവരം

---------------------------------------------------------------------------------------------

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ : ശ്രീ. എ. എസ്. ഷാജഹാൻ,ഡെപ്യൂട്ടി ഡയറക്ടർ.

---------------------------------------------------------------------------------------------

ഓഡിറ്റിന് വിനിയോഗിച്ച സമയം : 18-07-2018 മുതൽ 31-07-2018വരെ

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ

| | |
|---|---|
| ശ്രീ. സി.പി.അബ്ദുൽ സത്താർ. | ഓഡിറ്റ് ഓഫീസർ |
| ശ്രീ. സി.അബ്ദുൾ ഗഫൂർ | അസി.ഓഡിറ്റ് ഓഫീസർ |
| ശ്രീ. ഷാജഹാൻ ഖുറൈശി.എം | സീനിയർ ഗ്രേഡ് ഓഡിറ്റർ |
| ശ്രീ. ഷജീർ.കെ | ഓഡിറ്റർ |

ബി ) നിർവഹണാധികാരികൾ

പ്രസിഡന്റ്

| | |
|---|---|
| ശ്രീമതി.ആയിഷ.കെ | 01.04.2017 മുതൽ 31.03.2018 വരെ |

സെക്രട്ടറി

| | |
|---|---|
| രാമൻകുട്ടി വാര്യർ | 01/04/2017മുതൽ - 31/10/2017വരെ |
| സുനിൽകുമാർ.ടി.പി | 01/11/2017 മുതൽ– 19/11/2017വരെ |

| | |
|---|---|
| വിനോദ് കുമാർ.ടി.എം | 20/11/2017 മുതൽ– 31/03/2018വരെ |

മറ്റു നിർവഹണ ഉദ്യോഗസ്ഥർ.

| | | |
|---|---|---|
| അസി.സെക്രട്ടറി | സുനിൽകുമാർ.ടി.പി | 01/04/2017മുതൽ – 31/03/2018വരെ |
| അസി.എഞ്ചിനീയർ | മനോഹരൻ.ജി | 01/04/2017മുതൽ – 31/05/2017വരെ |
| | മിനിമോൾ.എൻ | 01/06/2017 മുതൽ - 14/06/2017വരെ |
| | ശില്പ | 15/06/2017മുതൽ – 18/09/2017വരെ |
| | ജസീല മോൾ. പി | 19/09/2017 മുതൽ - 12/11/2017വരെ |
| | ജംസീറ. സി.പി | 13/11/2017 മുതൽ– 31/03/2018വരെ |
| കൃഷി ഓഫീസർ, | ഡോ.കെ.നിസാർ | 09/08/2017-മുതൽ 15/08/2017വരെ 31/08/2017മുതൽ – 13/09/2017വരെ 14/10/2017 മുതൽ– 31/03/2018വരെ |
| | ശ്രീരേഖ.എം.വി | 01/04/2017മുതൽ – 08/08/2017വരെ 16/08/2017മുതൽ – 30/08/2017വരെ 14/09/2017 മുതൽ– 13/10/2017വരെ |
| വെറ്ററിനറി സർജ്ജൻ | ഡോ.എ.വി പ്രകാശൻ | 01/04/2017മുതൽ – 31/03/2018വരെ |
| മെഡിക്കൽ ഓഫീസർ , പിഎച്ച്സി | ഡോ ഫൌസിയ മുസ്തഫ | 01/04/2017മുതൽ - 09/07/2017വരെ |
| | ഡോ.സമിതപടിക്കൽ , | 10/07/2017മുതൽ – 24/09/2017വരെ 06/11/2017മുതൽ – 31/03/2018വരെ |
| | ഡോ.ഫുഹദ്കോയിസ്സൻ | 25/09/2017മുതൽ – 05/11/2017വരെ |
| വി.ഇ.ഒ, | സാജൻ.എൻ | 01/04/2017മുതൽ – 12/12/2017വരെ |
| | സുമയ്യ ജാസ്മിൻ.കെ | 13/12/2017 മുതൽ– 31/03/2018വരെ |

<u>ഉള്ളടക്കം</u>


| ക്രമ നം. | വിഷയം | ഖണ്ഡിക നമ്പർ |
|---|---|---|
| ഭാഗം I പൊതു അവലോകനം | | |
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക. | 1-2 |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം. | 1-3 |
| 4 | സാമ്പത്തിക വിശകലനം | 1-4 |
| 5 | ഫണ്ട് വിനിയോഗം | 1-5 |
| 6 | പദ്ധതി അവലോകനം. | 1-6 |
| 7 | തൊഴിലുറപ്പ് പദ്ധതി | 1-7 |
| 8 | ക്ഷേമപദ്ധതികൾ | 1-8 |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-9 |
| 10 | ആഭ്യന്തരനിയന്ത്രണം. | 1-10 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 |
| 12 | വാർഷിക കണക്കിലെ അപാകതകൾ | 1-12 |
| ഭാഗം II വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | | |
| 13 | പണമിടപാടുകൾ സെക്രട്ടറി പരിശോധിച്ച് ഉറപ്പ് വരുത്തുന്നില്ല. | 2-1 |
| 14 | മൊബൈൽ ടവറുകളുടെ വസ്തു നികുതി ഈടാക്കാൻ നടപടിയായില്ല | 2-2 |

| | | |
|---|---|---|
| 15 | ലൈസൻസ്- അപാകതകൾ | 2-3 |
| 16 | ടെണ്ടർ ഫോമിന്റെ വില പഞ്ചായത്ത് ഫണ്ടിലേക്ക് വരവ് വെക്കാത്തത് സംബന്ധിച്ച് | 2-4 |
| ഭാഗം III ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | | |
| 17 | അർഹമായ നിരക്കിൽ സ്കോളർഷിപ്പ് നൽകിയിട്ടില്ല. | 3-1 |
| 18 | ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെടാത്തവർക്ക് ആനുകൂല്യങ്ങൾ നൽകി | 3-2 |
| 19 | സ്റ്റോക്ക് രജിസ്റ്റർ അപൂർണ്ണം | 3-3 |
| 20 | അലോപ്പതി മരുന്നുകൾ ലഭ്യമായിട്ടില്ല - ചെലവ് തുക തടസ്സം ചെയ്യുന്നു | 3-4 |
| 21 | കാർഷിക മേഖല -പ്രൊജക്ടുകൾ അപര്യാപ്തം | 3-5 |
| 22 | പൊതുമരാമത്ത് പ്രവർത്തികൾ- അവലോകനം | 3-6 |
| 23 | സെക്രട്ടറി നിർവഹണം നടത്തിയ പദ്ധതികളിലെ അപാകതകൾ | 3-7 |
| 24 | നടപടി ക്രമങ്ങൾ പാലിക്കാതെ വാങ്ങലുകൾ നടത്തിയത്- സംബന്ധിച്ച് | 3-8 |
| 25 | പരിരക്ഷ പദ്ധതി-മാർഗ്ഗരേഖയിലെനിർദ്ദേശങ്ങൾ പാലിച്ചിട്ടില്ല | 3-9 |
| ഭാഗം IVപൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും | | |
| 26 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് | 4-1 |
| 27 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 28 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 |
| 29 | വായ്പ / വായ്പ തിരിച്ചടവ് | 4-4 |
| 30 | സ്ഥിര നിക്ഷേപങ്ങൾ | 4-5 |
| 31 | ഓഡിറ്റ് റിക്കവറി | 4-6 |
| 32 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-7 |
| 33 | ചാർജ് / സർചാർജ് നടപടികളുടെ വിവരം | 4-8 |
| 34 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 35 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-10 |

| | | |
|---|---|---|
| 36 | ഓഡിറ്റ് സാക്ഷ്യപത്രം | അനുബന്ധം1 |
| 37 | Audited Abstract | അനുബന്ധം 2 |

## ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

| | |
|---|---|
| 2017-18 ലെ ബജറ്റ് പാസ്സാക്കിയ തീരുമാന നമ്പർ./തിയ്യതി | 1(1) 15/03/2017 |

## 1-2 വാർഷിക ധനകാര്യപത്രിക.

| വർഷം | ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|---|
| 2017-18 | 31-07-2018 | 29-05-2018 | - | -- |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.

| വർഷം | പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2017-18 | 13-6-2018 & 14-6-2018 | കെ.എസ്.എ.എം.പി.എം.11/1353/2018തി.3-7-2018 |

## 1-4 സാമ്പത്തിക വിശകലനം (റസീറ്റ് & പേയ്മെന്റ് പത്രിക പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 1,51,38,443 |
| വരവ് | 5,07,15,442 |
| ആകെ | 6,58,53,885 |
| ചെലവ് | 5,92,66,165 |
| നീക്കിയിരിപ്പ് | 65,87,720 |

## 1-5 ഫണ്ട് വിനിയോഗം (എ.സി.ആർ. പ്രകാരം)

ഫണ്ട് വിനിയോഗം ( ACR പ്രകാരം)

| ഫണ്ടിനം | OB | വരവ് | ആകെ | ചെലവ് | CB |
|---|---|---|---|---|---|
| വികസന ഫണ്ട് ജനറൽ | 0 | 1,23,90,000 | 1,23,90,000 | 96,86,705 | 27,03,295 |
| വികസന ഫണ്ട് എസ്.സി.പി | 0 | 71,80,612 | 71,80,612 | 71,78,246 | 2,366 |
| മെയിന്റനൻസ്, റോഡ് | 0 | 50,36,000 | 50,36,000 | 50,13,035 | 22,965 |
| മെയിന്റനൻസ്, നോൺ റോഡ് | 0 | 27,52,000 | 27,52,000 | 27,33,092 | 18,908 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് | 0 | 58,18,195 | 58,19,195 | 58,09,257 | 8,938 |

| | | | | | |
|---|---|---|---|---|---|
| കെ.എൽ.എസ്.ജി.ഡി.പി. | 0 | 2,68,762 | 2,68,762 | 2,66,833 | 1,929 |
| ട്രഷറി ടി.എസ്.ബി.(ജനറൽ പർപ്പസ് ) | 1,06,36,793 | 85,86,000 | 1,92,22,793 | 1,95,72,378 | (-)3,49,585 |
| എസ്.ബി.റ്റി. ലിറ്ററസി | 1,453 | 59 | 1,512 | 0 | 1,512 |
| കെ.ജി.ബി . പിഡി | 26,644 | 0 | 26644 | 0 | 26,644 |
| എസ്.ബി.റ്റി. പി.ഡി | 3,493 | 0 | 3,493 | 0 | 3,493 |
| ഇ.എം.എസ് ലോൺ | 1,250 | 0 | 1250 | 0 | 1,250 |
| കെ.ജി.ബി എസ്എസ്എ | 1,05,502 | 4,272 | 1,09,774 | 30,006 | 79,768 |
| കെ.ജി.ബി എൻആർഇജിഎസ് | 1470 | 83,11,456 | 83,12,922 | 83,01,373 | 11,549 |
| എസ്.ബി.റ്റി. പൈക്ക | 14,026 | 522 | 14,548 | 0 | 14,548 |
| കറന്റ് അക്കൗണ്ട് എസ് ബി ഐ | 48,814 | 70,469 | 1,19,283 | 0 | 1,19,283 |
| തനത് ഫണ്ട് ഇഎസ് സി ബി | 27,91,118 | 56,72,391 | 84,63,509 | 36,71,597 | 47,91,912 |
| ക്യാഷ്-KGB -TSC | 14,28,237 | 5,35,328 | 19,63,565 | 151020 | 18,12,545 |
| തനത് ഫണ്ട് | 79,643 | 5,07,15,442 | 5,07,95,085 | 53,35,022 | 4,54,60,063 |
| ബി.ഫണ്ട് | 0 | 4,04,34,040 | 4,04,34,040 | 4,04,34,040 | 0 |

## 1-6 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്കുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | ചെലവഴിച്ച തുക | ഭാഗികമായി നടപ്പാക്കിയത്(എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്കുകളുടെ % |
|---|---|---|---|---|---|---|
| 177 | 5,08,17,601 | 117 | 3,51,31,734 | 50 | 10 | 66 |

പാതിവഴിയിൽ ഉപേക്ഷിച്ച് പാഴ് ചെലവായ പദ്ധതികൾ

ഇല്ല

## 1-7 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണ ചെലവുകൾ | 1470 | 486561 | 488031 | 476482 | 11549 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 7824891 | 7824891 | 7824891 | 0 |

## 1-8 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 47,640 | 81 |
| കർഷകതൊഴിലാളി വേതനം | 52,97,500 | 465 |
| വിധവാപെൻഷൻ | 1,31,37,900 | 1,142 |
| വാർദ്ധക്യകാലപെൻഷൻ | 1,68,44,100 | 1,414 |
| വികലാംഗപെൻഷൻ | 36,93,400 | 356 |
| വിവാഹ ധനസഹായം | 3,30,000 | 7 |
| 50 വയസ്സിനു മുകളിൽ.....സഹായം | 9,21,500 | 110 |

## 1-9 ക്യാഷ് പരിശോധന

1994 ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന18-7-2018 തിയ്യതിയിൽ 10.30 AM ന് നടത്തി. ബാലൻസ് തുക 3943 രൂപ പരിശോധിച്ച് ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തര നിയന്ത്രണം

ഗ്രാമപഞ്ചായത്തിന്റെ ആഭ്യന്തരനിയന്ത്രണത്തിലെ പോരായ്മകൾ താഴെ കൊടുക്കുന്നു.

1)തനത് വരുമാനം വർദ്ധിപ്പിക്കുന്നതിനായി പുതിയ വരുമാന സ്രോതസ്സുകൾ , പരസ്യ നികുതി ഉൾപ്പെടെയുള്ളവ , കണ്ടെത്തുന്നതിനും ചുമത്തുന്നതിനും ആവശ്യമായ നടപടി സ്വീകരിച്ചിട്ടില്ല.

2) വസ്തുനികുതി ഒഴികെയുള്ള നികുതി നികുതിയേതര തനത് വരുമാനങ്ങളുടെ ഡിമാന്റ് കൃത്യമായി നിരീക്ഷിക്കുന്നില്ല.

3)മുഴുവൻ ജീവനക്കാരും പേഴ്സണൽ രജിസ്റ്റർ സൂക്ഷിക്കുന്നില്ല.

4) പേഴ്സണൽ രജിസ്റ്ററിലെ മുഴുവൻ കോളങ്ങളും പൂരിപ്പിക്കുന്നില്ല.

5) പേഴ്സണൽ രജിസ്റ്ററിൽ തപാലുകൾ തീർപ്പാക്കിയത് രേഖപ്പെടുത്തുന്നില്ല.

6) പേഴ്സണൽ രജിസ്റ്റർ മാസാന്ത്യ ത്രൈമാസ പരിശോധന നടത്തുന്നില്ല.

7)ചുമതലകൈമാറ്റരജിസ്റ്ററിൽ, ചില ജീവനക്കാർ ചുമതല ഏറ്റെടുക്കുമ്പോൾ പേരെഴുതി ഒപ്പ് വെക്കുന്നില്ല.

8) ഇ-ടെണ്ടർ നടപടികളിലൂടെ നിലവിൽ എൽ എസ് ജി ഡി ഡിവിഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ ബാങ്ക് അക്കൗണ്ടിൽ ക്രഡിറ്റ് ചെയ്ത ടെണ്ടർ ഫോറം വില ഗ്രാമ പഞ്ചായത്ത് ഫണ്ടിലേക്ക് ലഭ്യമാക്കാൻ നടപടിയുണ്ടായിട്ടില്ല.

9)സ്റ്റോക്ക് രജിസ്റ്ററിൽ നിയമാനുസൃതമായ രേഖപ്പെടുത്തലുകൾ വരുത്തുന്നില്ല.

10) അസ്സറ്റ് രജിസ്റ്റർ കാലികമല്ല. അസ്സറ്റ് രജിസ്റ്ററിൽ മൂല്യം ചേർക്കാത്തതിനാൽ ബാലൻസ് ഷീറ്റിൽ ചേർത്ത അസറ്റുകളുടെ മൂല്യത്തിന്റെ കൃത്യത ഉറപ്പ് വരുത്താൻ കഴിയില്ല. ഓഡിറ്റ് കാലയളവിൽ ആർജ്ജിച്ച ആസ്തികൾ ഉൾപ്പെടുത്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.
11) വർഷാവസാനം സർക്കാരിലേക്കും മറ്റു ഏജൻസികളിലേക്കും നിയമപരമായും സമയബന്ധിതമായും അടവാക്കേണ്ട തുകകൾ തനതു ഫണ്ടിൽസൂക്ഷിക്കുന്നുണ്ട്.ആയവ സമയബന്ധിതമായി അടവാക്കേണ്ടതാണ്.
12)പഞ്ചായത്തിന്റെ പൊതു മരാമത്ത് പ്രവൃത്തികളിൽ അധികവും വികസന സ്ഥിരം സമിതിയുടെ ശുപാർശയുടെ അടിസ്ഥാനത്തിലാണ് അംഗീകാരം ലഭിക്കുന്നതും നിർവഹണ ഘട്ടങ്ങൾ പൂർത്തിയാക്കേണ്ടതും.വാർഷിക പദ്ധതി നിർദേശങ്ങൾ നൽകുക എന്നതിലുപരിയായി പ്രോജക്ടുകളുടെ ജയപരാജയങ്ങൾ വിലയിരുത്തുന്നതിൽ സ്ഥിരം സമിതികളുടെ ഇടപെടൽ പരമിതമാണ് എന്ന് മിനുട്സിൽ നിന്ന് വ്യക്തമാവുന്നു.

പ്രോജക്ടുകളുടെ പൊതുവായ വിലയിരുത്തൽ /പദ്ധതി അവലോകനം നടത്തുന്നതായി മിനുട്സിൽ രേഖപ്പെടുത്തുന്നുണ്ട്.എന്നാൽ പ്രത്യേകമായി ഒരു പ്രോജക്ടിനെ കുറിച്ചും വിലയിരുത്തൽ നടത്തി തീരുമാനം രേഖപ്പെടുത്തുന്നതിൽ സ്ഥിരം സമിതി ശ്രദ്ധചെലുത്തിയിട്ടില്ല എന്ന് കാണുന്നു.

13) 1992-93മുതലുള്ള ഓഡിറ്റ് റിപ്പോർട്ടുകൾ തീർപ്പാക്കാനവശേഷിക്കുന്നതായി കാണുന്നു. ഇവ തീർപ്പാക്കാൻ നടപടികൾ കൈക്കൊണ്ടിട്ടില്ല.
14) പഞ്ചായത്ത് ഓഫീസിലും പരിസരത്തും, കോമ്പൗണ്ടിലുള്ള മറ്റു ഓഫീസുകളിലും ഉപയോഗശൂന്യമായതും നീക്കം ചെയ്യേണ്ടതുമായ ധാരാളം വസ്തുക്കൾ കുമിഞ്ഞുകൂടിക്കിടക്കുന്നത് അടിയന്തിരമായി നീക്കം ചെയ്യേണ്ടതാണ്.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തിയ്യതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തിയ്യതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 19/06/2018 | 01/05/2018 -31/05/2018 | ലഭിച്ചിട്ടില്ല. |
| എ.ജി ഓഡിറ്റ് | 26/10/2009 മുതൽ 09-11-2009 വരെ | 2004-05 മുതൽ 2008-2009 വരെ | 27/12/2009 |

## 1-12 വാർഷിക കണക്കുകളിലെ അപാകതകൾ

2017-18സാമ്പത്തിക വർഷത്തിലെ വാർഷിക കണക്കുകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ.

1. AFS പ്രകാരം(I-6) Pension for unmarried women above 50 years 921500ആണ്.എന്നാൽ സേവന സോഫ്റ്റ്

വെയർ പ്രകാരം 1277900 ആണ് ചെലവ് (വ്യത്യാസം 356400രൂപ അവസാന ഗഡു വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ലാത്തതിനാലാണ്).

2. വാർഷികക്കണക്കിനൊപ്പം, മുൻവർഷത്തെ അപാകതകൾ പരിഹരിച്ചത് സംബന്ധിച്ച കുറിപ്പുകൾ ഉൾപ്പെടുത്തിയിട്ടില്ല.

3. വർഷാന്ത്യത്തിൽ ആസ്തികളുടെ ഭൗതിക പരിശോധന, സ്റ്റോക്കിന്റെ ഭൗതിക പരിശോധന എന്നിവ നടത്തില്ല.

4. മുൻവർഷ താരതമ്യ തുകകൾ വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല..

5. തൊഴിൽ നികുതി ട്രേഡേഴ്സ്, രജിസ്റ്റർ പ്രകാരമുള്ള ഡിമാന്റ് , കളക്ഷൻ എന്നിവ 175150 ആണ്. എന്നാൽ വാർഷിക കണക്കിൽ ഷെഡ്യൂൾ 1-1ൽ ഉൾപ്പെടുത്തിയ ഡിമാന്റ് 308800, കളക്ഷൻ 175150 (RP-43) എന്നിവയാണ്.

6. B-18 ഷെഡ്യൂളിലെ other Advance ആയി 550517 , advance to implimenting officer ൽ 106293 രൂപയും ഉണ്ട്. ആയതിന് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.

7. 2016-17 വാർഷിക കണക്കിലെ ബാലൻസ് ഷീറ്റ് ബി-5(15) പ്രകാരം വസ്തു നികുതി കുടിശ്ശികയിനത്തിൽ 302475 (182902+ 179573) തൻ വർഷം ഇനത്തിൽ 968551(573374+39177) രൂപയും ഉൾപ്പെടെ ആകെ 1271026 ആണ് കുടിശ്ശിക. എന്നാൽ സഞ്ചയ പ്രകാരം കുടിശ്ശിക ഡിമാന്റ് 1255694 ആണ്.

8. 2017-18 വാർഷിക കണക്കിൽ ഷെഡ്യൂൾ 1-1 പ്രകാരം 2455880 (1427516+1028364)എന്നാൽ സഞ്ചയ പ്രകാരം 2561573 ആണ്.

9. 2017-18 വാർഷിക കണക്കിൽ RP 43 പ്രകാരം വസ്തു നികുതി തൻ വർഷ കളക്ഷൻ 2423813 (1416449+1007364) ആണ്. എന്നാൽ സഞ്ചയ പ്രകാരം ആയത് 2440426 ആണ്.

10. 2017-18 വാർഷിക കണക്കിൽ RP 43 പ്രകാരം വസ്തു നികുതി കുടിശ്ശികയിനത്തിൽ ആകെ 1186499 (670887+515612) രൂപ വരവുണ്ട്. എന്നാൽ സഞ്ചയ പ്രകാരം ആയത് 1183885 ആണ്.

11. 2017-18 വാർഷിക കണക്കിൽ ബാലൻസ് ഷീറ്റ് B-15 പ്രകാരം തൻ വർഷയിനത്തിൽ 22050 രൂപയാണ് പിരിഞ്ഞ്കിട്ടാനുള്ളത്. എന്നാൽ സഞ്ചയ പ്രകാരം ആയത് 11722 ആണ്.

12. 2017-18 വാർഷിക കണക്കിൽ ബാലൻസ് ഷീറ്റ് B-15 പ്രകാരം കുടിശ്ശികയിനത്തിൽ 89778 (89720+58) രൂപയാണ് പിരിഞ്ഞ്കിട്ടാനുള്ളത്. എന്നാൽ സഞ്ചയ പ്രകാരം ആയത് 85479 ആണ്.

13. 2017-18 വാർഷിക കണക്കിൽ ബാലൻസ് ഷീറ്റ് B-15 പ്രകാരം ലൈബ്രറി സെസ് ഇനത്തിൽ 5323 രൂപയാണ് പിരിഞ്ഞ്കിട്ടാനുള്ളത്. എന്നാൽ സഞ്ചയ പ്രകാരം ആയത് 4845 (4274 +587) ആണ്.

14. കേരള പഞ്ചായത്ത്രാജ് അക്കൗണ്ട്സ് ചട്ടങ്ങളിലെള 2011ലെ ചട്ടം 62 പ്രകാരമുള്ള അടിസ്ഥാന അനുപാതങ്ങൾ വാർഷിക കണക്കുകൾക്കൊപ്പം ചേർത്തിട്ടില്ല.

(15) നിർവഹണ ഉദ്യോഗസ്ഥർ വഴി നല്കുന്ന മുൻകൂറുകളുടെ ( ഉദാ:- മരുന്നുകൾ വാങ്ങുന്നതിനുള്ള മുൻകൂറുകൾ) വിനിയോഗം നിരീക്ഷിക്കേണ്ടതും, യഥാർത്ഥത്തിലുള്ള വിനിയോഗമാകുന്നതു വരെ മുൻകൂറുകളുടെ ശീർഷകത്തിൽ തന്നെ ചെലവു കാണിക്കേണ്ടതുമാണ്.

# ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 പണമിടപാടുകൾ സെക്രട്ടറി പരിശോധിച്ച് ഉറപ്പ് വരുത്തുന്നില്ല.

ഗ്രാമ പഞ്ചായത്തിന്റെ പണമിടപാടുകൾ സെക്രട്ടറി അതാത് സമയം പരിശോധിച്ച് ഉറപ്പ് വരുത്തുന്നില്ല. ഗ്രാമ പഞ്ചായത്തിന്റെ 2017-18 ലെ ബാങ്ക് ബുക്ക് , റീകൺസിലിയേഷൻ എന്നിവ സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല. ഗ്രാമ പഞ്ചായത്തിൽ ഉപയോഗിക്കുന്ന സാംഖ്യ രസീതികളുടെ ബാലൻസ് വിവരം കൃത്യമായി സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തുന്നില്ല. സ്റ്റോക്ക് രജിസ്റ്ററിൽ സാംഖ്യ രസീതി ഇഷ്യൂ ചെയ്തതായി കാണിക്കുന്നുണ്ടെങ്കിലും ബാലൻസ് രസീതികളുടെ വിവരം രജിസ്റ്ററിലില്ല. രസീതി ബാലൻസ് കൃത്യമായി സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതും ആയത് സെക്രട്ടറി പരിശോധിച്ച് ഉറപ്പ് വരുത്തേണ്ടതുമാണ്. ദിനേനയുള്ള പണം അടവ് , ക്യാൻസൽഡ് രസീതികൾ എന്നിവ സെക്രട്ടറി പരിശോധിച്ച് ഉറപ്പ് വരുത്തേണ്ടതാണ്.

## 2-2 മൊബൈൽ ടവറുകളുടെ വസ്തു നികുതി ഈടാക്കാൻ നടപടിയായില്ല

വസ്തു നികുതിയിനത്തിൽ 100ശതമാനം കളക്ഷൻ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും ഗ്രാമ പഞ്ചായത്തിൽ സ്ഥിതി ചെയ്യുന്ന താഴെ പറയുന്ന മൊബൈൽ ടവറുകളുടെ വസ്തു നികുതി 2017-18 വർഷത്തിൽ ഈടാക്കിയിട്ടില്ല. ഇവയുടെ വസ്തു നികുതി വർഷങ്ങളായി ഈടാക്കിയിട്ടില്ല എന്ന് മുൻ വർഷ ഓഡിറ്റ് റിപ്പോർട്ടിൽ സൂചിപ്പിച്ചിട്ടുണ്ടെങ്കിലും ആയത് നാളിതുവരെ ഈടാക്കിയിട്ടില്ല.ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ഇക്കാര്യത്തിൽ പ്രത്യേക ഇടപെടൽ നടത്തേണ്ടതാണ്.

| ടവർ/കെട്ടിട നമ്പർ | വിലാസം | ഈടാക്കാൻ അവശേഷിക്കുന്ന വർഷം | അസസ് ചെയ്ത വാർഷിക നികുതി (L.C ഉൾപ്പെടെ) |
|---|---|---|---|
| 9/ 372-B | ഗോപ കുമാർ, റിലയൻസ് ടെലി കോം.ലി. | 2012-13 മുതൽ 2017-18 വരെ | 10080 |
| 6 / 308 -A | ജി.എം. ടെലി കോ. ബി.എസ്.എൻ.എൽ, മലപ്പുറം | 2013-14 മുതൽ 2017-18 വരെ | 11970 |

അപാകത ചൂണ്ടിക്കാണിച്ച് സെക്രട്ടറിക്ക് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം-10/28.7.2018) മറുപടി നൽകിയിട്ടില്ല.

## 2-3 ലൈസൻസ്- അപാകതകൾ

1.ഗ്രാമ പഞ്ചായത്തിൽ ലൈസൻസ് എടുക്കേണ്ടതായ എല്ലാ സ്ഥാപനങ്ങളും ഉൾക്കൊള്ളുന്ന സ്ഥാപന രജിസ്റ്റർ തയ്യാറാക്കാൻ മുൻ വർഷ ഓഡിറ്റ് റിപ്പോർട്ടിൽ സൂചിപ്പിച്ചിട്ടുണ്ടെങ്കിലും ആയത് നാളിതുവരെ തയ്യാറാക്കിയിട്ടില്ല.

2. 2017-18 വർഷത്തെ ഭൂരിഭാഗം അപേക്ഷകളിലും ദിവസ വിറ്റുവരവ് രേഖപ്പെടുത്തിയിട്ടില്ല.

3.ഭൂരിഭാഗം അപേക്ഷകളിലും അപേക്ഷയെ കുറിച്ചുള്ള അന്വേഷണ റിപ്പോർട്ട് ഇല്ല. അപേക്ഷയെ കുറിച്ച് അന്വഷണം നടത്തേണ്ടതും റിപ്പോർട്ട് സമർപ്പിക്കേണ്ടതുമാണ്.
പഞ്ചായത്ത് പരിധിയിൽ ലൈസൻസ് ഇല്ലാതെ കച്ചവട സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നില്ല എന്ന് ഭരണ സമിതി ഉറപ്പു വരുത്തേണ്ടതാണ്.

## 2-4 ടെണ്ടർ ഫോമിന്റെ വില പഞ്ചായത്ത് ഫണ്ടിലേക്ക് വരവ് വെക്കാത്തത് സംബന്ധിച്ച്

2017-18 വർഷത്തിൽ5 ലക്ഷത്തിന മുകളിലുള്ള 2 മരാമത്ത് പ്രവർത്തികൾ ഇ ടെണ്ടർ മുഖേന നടപ്പിലാക്കിയിട്ടുണ്ട്.നിലവിൽ ടെണ്ടർ ഫോറത്തിന്റെ വില എക്സികൃൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിൽ നിന്നും പഞ്ചായത്ത് ഫണ്ടിലേക്ക് ലഭ്യമായിട്ടില്ല

| പ്രവർത്തി | കരാറുകാരൻ | ടെണ്ടർ ഫോറം വില |
|---|---|---|
| പാറക്കൽ ചോലകുണ്ടൽ<br>സൈഡ് കെട്ട് | ഷറഫുദ്ധീൻ | 1568 |
| പെരുമ്പറമ്പ് ചോലക്കൽമുക്ക് മദ്രസ റോഡ് | അബ്ദുൽ റഹീം എം.പി | 1792 |
| | മുഹമ്മദ് റഫീഖ് | 1792 |
| | മുഹമ്മദ് മുസ്തഫ | 1792 |

ആകെ 6944

ഗ്രാമ പഞ്ചായത്തിന് ടെണ്ടർ ഫീ ഇനത്തിൽ ലഭിക്കേണ്ട വരവ് സർക്കാർ നിർദ്ദേശിച്ച പ്രകാരം ഗ്രാമ പഞ്ചായത്തിന്റെ പേരിൽ അക്കൗണ്ട് ഉറന്ന് തിരികെ ഈടാക്കാൻ നടപടി സ്വീകരിക്കാതിരിക്കുന്നത് വീഴ്ചയാണ്. പഞ്ചായത്ത് ഫണ്ടിൽ വരേണ്ട തുക യഥാസമയം ലഭിക്കാതിരുന്ന സാഹചര്യം ധനകാര്യ സ്റ്റാൻറിംഗ് കമ്മറ്റി പരിശോധിച്ചിട്ടില്ല. ടെണ്ടർ ഫീ തിരികെ ഈടാക്കി വിവരം അറിയിക്കേണ്ടതാണ്. .

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 അർഹമായ നിരക്കിൽ സ്കോളർഷിപ്പ് നൽകിയിട്ടില്ല.

പ്രോജക്ട് നം.: S034/2018-അംഗപരിമിതിയുള്ള വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് നൽകൽ

നിർവ്വഹണം- ഹെഡ്മാസ്റ്റർ

അടങ്കൽ : 16,00,000

വികസനഫണ്ടിൽ നിന്ന് 800,000 രൂപയും (ബിൽ നം. : 6/2017-18 (22-03-2018 ) ജില്ലാ പഞ്ചായത്ത് വിഹിതമായി ലഭിച്ച 400,000രൂപയും ഉൾപ്പെടെ ആകെ 12,00,000 രൂപ ശാരീരിക-മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ് ഇനത്തിൽ ചെലവഴിച്ചിട്ടുണ്ട്. എന്നാൽ ബ്ലോക്ക് പഞ്ചായത്ത് വിഹിതം ലഭ്യമാക്കാതിരുന്നതിനാൽ, അർഹമായ നിരക്കിൽ സ്കോളർഷിപ്പ് നൽകിയിട്ടില്ല.

03.04.2017ലെ ജി.ഒ.(എം.എസ്)80/2017/ത.സ്വ.ഭ.വ. നമ്പർ സർക്കാർ ഉത്തരവ് ഖണ്ഡിക10.3പ്രകാരം ശാരീരിക-മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്ക് നൽകേണ്ട സ്കോളർഷിപ്പ് നിരക്ക് താഴെ സൂചിപ്പിക്കുന്നു.

(എ)ശാരീരിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്ക് :

| ക്രമ നം. | ക്ലാസ്സ് | പ്രതിമാസ സ്കോളർഷിപ്പ്/ബത്തയുടെ നിരക്ക് (രൂപ) | | വാർഷിക ബത്ത |
|---|---|---|---|---|
| | | ഡേസ്കോളർ | ഹോസ്റ്റലർ | |
| 1 | 1-4/ നഴ്സറി ക്ലാസ്സ് | 400 | 600 | 500 |
| 2 | 5-8 | 500 | 750 | 600 |

| | | | | |
|---|---|---|---|---|
| 3 | 9,10,+1,+2 | 600 | 800 | 800 |
| 4 | ബിരുദം | 800 | 1250 | 1000 |
| 5 | ബിരുദാനന്തര ബിരുദം | 1000 | 1500 | 1500 |
| 6 | വൊക്കേഷനൽ പരിശീലനം | 1000 | 1500 | 1500 |
| 7 | ചലന വൈകല്യമുള്ളവർക്ക് യാത്രാ ബത്ത (വിദ്യാലയങ്ങളിൽപോകുന്ന മാസങ്ങളിൽ മാത്രം) | 400 | - | - |

(ബി) മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്ക്:

| ക്രമ നം. | ഇനം | സ്കോളർഷിപ്പ്/ബത്ത (പ്രതിമാസം) | ആകെ (വാർഷികം) |
|---|---|---|---|
| 1 | സ്കോളർഷിപ്പ് (പ്രതിമാസം) | 1000 | 12000 |
| 2 | വസ്ത്രങ്ങൾക്കുള്ള ബത്ത(വാർഷികം) | - | 1500 |
| 3 | പഠനസഹായി/സാമഗ്രികൾക്ക് ബത്ത(വാർഷികം) | - | 2000 |
| 4 | ഡേസ്കോളർക്ക് യാത്രാബത്ത(പ്രതിമാസം) | 1000 | 12000 |
| 5 | ഉല്ലാസയാത്ര/പഠനയാത്ര | - | 1000 |
| ആകെ | | | 28500 |

ഡേസ്കോളറായ മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്ക് ഉല്ലാസയാത്ര/പഠനയാത്ര നടത്താത്ത പക്ഷം വർഷത്തിൽ 27500 രൂപ സ്കോളർഷിപ്പ്/ബത്തയായി ലഭിക്കാൻ അർഹതയുണ്ട്. ഉല്ലാസയാത്ര/പഠനയാത്ര നടത്തിയാൽ 28500രൂപയും അർഹതയുണ്ട്. ശാരീരിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്ക് അവർ പഠിക്കുന്ന ക്ലാസിനനുസരിച്ചുള്ള നിരക്കിൽ സ്കോളർഷിപ്പ് ലഭിക്കാനും അർഹതയുണ്ട്.

പ്രോജക്ട് നടപ്പിലാക്കുന്നതിന് ബ്ലോക്ക് പഞ്ചായത്തിൽ നിന്ന് നിർദ്ദിഷ്ട അനുപാതത്തിൽ ഫണ്ട് ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കാതിരുന്നത് ഉചിതമായില്ല. അപാകത ചൂണ്ടിക്കാണിച്ച് ഹെഡ്മാസ്റ്റർക്ക് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം-9 /27.7.2018) നൽകിയ മറുപടിയിൽ സർക്കാർ ഉത്തരവനുസരിച്ച് നിശ്ചിത നിരക്ക് പ്രകാരം തന്നെ സ്കോളർഷിപ്പ് നൽകാൻ ശ്രദ്ധിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. മറ്റ് തദ്ദേശ ഭരണ സ്ഥാപനങ്ങളിൽ നിന്നും ലഭിക്കുന്ന ഫണ്ടുകൾ ലഭ്യമാകുന്നതിന് സ്റ്റാന്റിംഗ് കമ്മിറ്റിയും ഭരണ സമിതിയും പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

## 3-2 ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെടാത്തവർക്ക് ആനുകൂല്യങ്ങൾ നൽകി

1. ഹെഡ്മാസ്റ്റർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ "അംഗപരിമിതിയുള്ള വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് നൽകൽ" എന്ന പദ്ധതി (34/2018)പ്രകാരം വികസനഫണ്ടിൽ നിന്ന് 800,000 രൂപയും (ബിൽ നം. : 6/2017-18 (22-03-2018 ) ജില്ലാ പഞ്ചായത്ത് വിഹിതമായി ലഭിച്ച 400,000രൂപയും ഉൾപ്പെടെ ആകെ 12,00,000 രൂപ ശാരീരിക-മാനസിക വെല്ലുവിളികൾ നേരിടുന്ന 63 വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ് നൽകുന്നതിന് ചെലവഴിച്ചിട്ടുണ്ട്. എന്നാൽ ഇതിൽ 30 പേർ പഞ്ചായത്ത് ഭരണ സമിതി അംഗീകരിച്ച ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപെട്ടവരല്ല. ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപെട്ട ചില വിദ്യാർഥികൾക്ക് സ്കോളർഷിപ്പ് നൽകിയിട്ടുമില്ല.ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപെടാത്ത 30 പേരുടെ ലിസ്റ്റിന് ഭരണ സമിതിയുടെ സാധൂകരണം വാങ്ങി ഓഡിറ്റിനെ അറിയിക്കേണ്ടതും ഇത്തരം അപാകതകൾ മേലിൽ ഒഴിവാക്കാൻ ശ്രദ്ധിക്കേണ്ടതുമാണ്.

2. ഹെഡ്മാസ്റ്റർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ "പട്ടികജാതി വിദ്യാർത്ഥികൾക്ക് മേശ കസേര

നൽകൽ" എന്ന പദ്ധതി (36/2018)പ്രകാരം വികസനഫണ്ടിൽ നിന്ന് 274,141 രൂപ(ബിൽ നം. : 1/2017-18 -204987 (4.11.2017 ), 7/2017-18 - 69154 (24.3.2018)) 56പട്ടികജാതി വിദ്യാർത്ഥികൾക്ക് മേശ കസേര എന്നിവ നൽകുന്നതിന് ചെലവഴിച്ചിട്ടുണ്ട്. എന്നാൽ ഇതിൽ 17 പേർ പഞ്ചായത്ത് ഭരണ സമിതി അംഗീകരിച്ച ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപെട്ടവരല്ല. പുതുക്കിയ ലിസ്റ്റിന് പിന്നീട് ഭരണ സമിതിയുടെ സാധൂകരണം വാങ്ങിയിട്ടുമില്ല.ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപെടാത്ത 17 പേരുടെ ലിസ്റ്റിന് ഭരണ സമിതിയുടെ സാധൂകരണം വാങ്ങി ഓഡിറ്റിനെ അറിയിക്കേണ്ടതും ഇത്തരം അപാകതകൾ മേലിൽ ഒഴിവാക്കാൻ ശ്രദ്ധിക്കേണ്ടതുമാണ്.

3. ഹെഡ്മാസ്റ്റർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ "പട്ടികജാതി വിദ്യാർത്ഥികൾക്ക് സൈക്കിൾ അനുവദിക്കൽ" എന്ന പദ്ധതി (85/2018)പ്രകാരം വികസനഫണ്ടിൽ നിന്ന് 282900 രൂപ(ബിൽ നം. : 5/2017-18 (23.2.2018 )) 69പട്ടികജാതി വിദ്യാർത്ഥികൾക്ക് സൈക്കിൾ നൽകുന്നതിന് ചെലവഴിച്ചിട്ടുണ്ട്. എന്നാൽ ഇതിൽ 12 പേർ പഞ്ചായത്ത് ഭരണ സമിതി അംഗീകരിച്ച ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപെട്ടവരല്ല. പുതുക്കിയ ലിസ്റ്റിന് പിന്നീട് ഭരണ സമിതിയുടെ സാധൂകരണം വാങ്ങിയിട്ടുമില്ല.ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപെടാത്ത 12 പേരുടെ ലിസ്റ്റിന് ഭരണ സമിതിയുടെ സാധൂകരണം വാങ്ങി ഓഡിറ്റിനെ അറിയിക്കേണ്ടതും ഇത്തരം അപാകതകൾ മേലിൽ ഒഴിവാക്കാൻ ശ്രദ്ധിക്കേണ്ടതുമാണ്.

വേണ്ടത്ര മുന്നൊരുക്കങ്ങളോ ആസൂത്രണമോ ഇല്ലാതെ പദ്ധതി നടപ്പിലാക്കുന്നത് ക്ഷേമ കാര്യ സ്റ്റാന്റിങ് കമ്മിറ്റിയുടേയും നിർവ്വഹണ ഉദ്യോഗസ്ഥന്റേയും വീഴ്ചയായി ഓഡിറ്റ് വിലയിരുത്തുന്നു. അപാകത ചൂണ്ടിക്കാണിച്ച് ഹെഡ്മാസ്റ്റർക്ക് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം-9 /27.7.2018) നൽകിയ മറുപടിയിൽ ഇത്തരം അപാകതകൾ മേലിൽ ഒഴിവാക്കാൻ ശ്രദ്ധിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. ഭരണ സമിതി അംഗീകരിച്ച നൽകിയ ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെട്ട ഗുണഭോക്താക്കൾക്ക് ആനുകൂല്യം നൽകാതിരുന്നതിന് കാരണം വിശദമാക്കേണ്ടതാണ്.

## 3-3 സ്റ്റോക്ക് രജിസ്റ്റർ അപൂർണ്ണം

താഴെ സൂചിപ്പിക്കുന്ന പദ്ധതി പ്രകാരം , ഹെഡ്മാസ്റ്റർ നിർവ്വഹണ ഉദ്യോഗസ്ഥനായി പർച്ചേയ്സ് ചെയ്തത് കുന്നക്കാവ് ഗവ.എൽ.പി.സ്കൂളിലേക്ക് ലഭ്യമാക്കിയ വസ്തുക്കൾ സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും പ്രസ്തുത രജിസ്റ്ററിൽ മുൻ സ്റ്റോക്കിന്റെ യാതൊരു വിവരവുമില്ല. സ്കൂളിലേക്ക് വാങ്ങുന്ന ഫർണീച്ചർ തുടങ്ങിയ വസ്തുക്കൾ സ്റ്റോക്ക് രജിസ്റ്ററിൽ ചേർക്കേണ്ടതും , നാളിതുവരെയുള്ള സ്റ്റോക്ക് വിവരം രജിസ്റ്ററിൽ ഉണ്ടായിരിക്കേണ്ടതുമാണ്.

| പ്രൊ.നം | പ്രൊജക്റ്റ് | ഫണ്ട് ഇനം | തുക | ബിൽനം/ തിയ്യതി |
|---|---|---|---|---|
| 84/2017-18 | സർക്കാർ സ്കൂളിലേക്ക് ഫർണീച്ചർ വാങ്ങൽ | മെയിന്റനൻസ് ഫണ്ട് | 250,000 | 3/17-18 (18.12.18) |
| 93/2017-18 | കുന്നക്കാവ് ജി.എൽ.പി സ്കൂളിലേക്ക് മൈക്ക് വാങ്ങൽ | മെയിന്റനൻസ് ഫണ്ട് | 50,000 | 4/17-18 (23.2.18) |

അപാകത ചൂണ്ടിക്കാണിച്ച് ഹെഡ്മാസ്റ്റർക്ക് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം-9 /27.7.2018) നൽകിയ മറുപടിയിൽ ഇത്തരം അപാകതകൾ മേലിൽ ഒഴിവാക്കാൻ ശ്രദ്ധിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.സ്റ്റോക്ക് വിവരം മെയിൻ സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തി പരിശോധനക്ക് ഹാജരാക്കേണ്ടതാണ്.

## 3-4 അലോപ്പതി മരുന്നുകൾ ലഭ്യമായിട്ടില്ല - ചെലവ് തുക തടസ്സം ചെയ്യുന്നു

S0027/18 : PHCക്ക് മരുന്ന് വാങ്ങൽ

അടങ്കൽ - 1,50,000 (പ്ലാൻ- ജനറൽ)

ബിൽ നം.9/15-01-2018 : 1,50,000

S0024/18 : പരിരക്ഷ ഹോംകെയർ പദ്ധതി

അടങ്കൽ - 5,75,000 (പ്ലാൻ -ജനറൽ)

ബിൽ നം.13/15-01-2018 : 1,50,000

മേൽ പ്രൊജക്റ്റുകൾ പ്രകാരം മെഡിക്കൽ ഓഫീസർ - പി.എച്ച്.സി, കേരള സ്റ്റേറ്റ് മെഡിക്കൽ സർവ്വീസ് കോർപ്പറേഷനിലേക്ക് 3,00,000(1,50,000+1,50,000)നൽകിയിട്ടുണ്ട്. എന്നാൽ നാളിതുവരെയായി KMSCLമരുന്നുകൾ വിതരണം ചെയ്തിട്ടില്ല.

മരുന്നുകൾ ലഭ്യമായ വിവരം അറിയിക്കുന്നത് വരെ ചെലവ് തുക 3,00,000 രൂപ തടസ്സം ചെയ്യുന്നു. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം.4/25-07-2018ന് മരുന്ന് ലഭ്യമാകുന്ന മുറക്ക് ഓഡിറ്റിനെ അറിയിക്കുന്നതാണ് എന്നറിയിച്ചിട്ടുണ്ട്.

## 3-5 കാർഷിക മേഖല -പ്രൊജക്റ്റുകൾ അപര്യാപ്തം

പതിമൂന്നാം പദ്ധതി ജി.ഒ(എം.എസ്)നം.72/2017ത.സ്വ.ഭ.വ തി.29.03.2017 പ്രകാരം കാർഷിക മേഖലയുടെ സർവ്വതോന്മുഖമായ വികസനത്തിന് ഉതകും വിധം ഏറ്റടുത്ത് നടപ്പിലാക്കാവുന്ന വിവിധ പദ്ധതികളെ കുറിച്ചും ആയത് നടപ്പിലാക്കേണ്ടതിന്റെ പ്രാധാന്യത്തെ കുറിച്ചും വിവരിച്ചിട്ടുണ്ട്.ആയതിനനുസരിച്ച് പരിസ്ഥിതി വനവത്കരണം, ജൈവ കൃഷി പ്രോത്സാഹിപ്പിക്കൽ ,തരിശുഭൂമിയിലെ കൃഷി പ്രോത്സാഹനം തുടങ്ങിയ പദ്ധതികൾ നടപ്പാക്കുന്നതിന് നിർദ്ദേശങ്ങൾ വർക്കിംഗ് ഗ്രൂപ്പിൽ നിന്ന് ഉണ്ടായെങ്കിലും പദ്ധതികളായി നടപ്പിലായില്ല.6പദ്ധതികൾക്ക് അംഗീകാരം ലഭിച്ചതിൽ 5 പദ്ധതികളും നടപ്പിലാക്കിയിട്ടുണ്ട്.ആയതിൽ നെല്ലുൽപ്പാദനം , പച്ചക്കറി ഉൽപ്പാദനം എന്നിവ വർദ്ധിപ്പിക്കുന്നതിനുള്ള പദ്ധതികൾ മാത്രമാണ് നടപ്പാക്കിയത്.ഗ്രാമ പഞ്ചായത്തിന്റെ സ്റ്റാറ്റസ് റിപ്പോർട്ട് പ്രകാരം കൃഷിക്ക് അനുയോജ്യമായ 20 ഹെക്ടറോളം തരിശു ഭൂമിയായി കിടന്നിട്ടും ,തരിശു ഭൂമി ഏറ്റെടുത്ത് കൃഷിചെയ്യുന്നതിനോ ജലസേചന സൗകര്യം വർദ്ധിപ്പിക്കാൻ ഉതകുന്ന പദ്ധതികൾ ഏറ്റെടുത്ത് നടപ്പിലാക്കാനോ സാധിച്ചിട്ടില്ല. ഇത്തരത്തിലുള്ള പദ്ധതികൾ ഏറ്റെടുക്കാത്തത് കാർഷിക മേഖലയെ പ്രതികൂലമായി ബാധിക്കുന്നതാണ്.കൃഷിഭൂമി വിസ്തൃതി വർദ്ധിപ്പിച്ചും യന്ത്രവത്കരണം നടപ്പാക്കിയും കാർഷികമേഖല അഭിവൃദ്ധിപ്പെടുത്താൻ വേണ്ട പദ്ധതികൾ തയ്യാറാക്കേണ്ടതുണ്ട്.ഇക്കാര്യത്തിൽ വികസന സ്റ്റാന്റിംഗ് കമ്മിറ്റി ശ്രദ്ധ പുലർത്തേണ്ടതാണ്.

## 3-6 പൊതുമരാമത്ത് പ്രവർത്തികൾ- അവലോകനം

2017-18 -ൽ വർക്കിംഗ് ഗ്രൂപ്പ്ആകെ 186 പദ്ധതികളാണ് വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്താൻ നിർദ്ദേശിച്ചിട്ടുള്ളത്.ആയതിൽ ആകെ 103 പ്രവർത്തികൾക്കാണ് അംഗീകാരം ലഭ്യമായത്. 3 പ്രവർത്തികൾ ഒഴികെ മറ്റെല്ലാ പ്രവർത്തികളും നടപ്പിലാക്കിയെങ്കിലും 68 പ്രവർത്തികൾ മാത്രമാണ് തൻവർഷത്തിൽ നടപ്പിലാക്കി തുക നൽകിയിട്ടുള്ളത്.പശ്ചാത്തലമേഖലയിൽ 19599900 രൂപ വകയിരുത്തിയതിൽ 13503936 രൂപ യാണ് ചെലവഴിച്ചിട്ടുള്ളത്(68%).പൊതുമരാമത്ത് വർക്കിംഗ് ഗ്രൂപ്പ് 4 യോഗമാണ് കൂടിയിട്ടുള്ളത് വർക്കിംഗ് ഗ്രൂപ്പുകൾ നിർദ്ദേശിക്കുന്ന പദ്ധതികളിൽ അംഗീകാരം ലഭ്യമായവ സമയബന്ധിതമായി നടപ്പാക്കാൻ വികസന സ്റ്റാന്റിംഗ് കമ്മിറ്റി കൂടുതൽ ശ്രദ്ധിക്കേണ്ടതാണ്.

റോഡ് കണക്ടിവിറ്റി പ്ളാനും മാപ്പും തയ്യാറാക്കിയിട്ടില്ല.

ഓരോ തദ്ദേശ ഭരണ സ്ഥാപനവും റോഡ് കണക്ടിവിറ്റി പ്ളാനും റോഡ് കണക്ടിവിറ്റി മാപ്പും നിർബന്ധമായും തയ്യാറാക്കണമെന്ന് പദ്ധതി മാർഗ്ഗരേഖയിൽ സർക്കാരിന്റെ നിർദ്ദേശമുള്ളതാണ്.എന്നാൽ നാളിതുവരെയും റോഡ് കണക്ടിവിറ്റി പ്ളാനും റോഡ് കണക്ടിവിറ്റി മാപ്പും തയ്യാറാക്കിയിട്ടില്ല.ആയത് തയ്യാറാക്കേണ്ടതും ഈ കണക്ടിവിറ്റി പ്ളാനിൽ നിലവിലുള്ള റോഡുകളുടെ വിപുലീകരണവും അറ്റകുറ്റപണിയും ഉൾകൊള്ളിക്കേണ്ടതുമാണ്.

മരാമത്ത് പ്രവർത്തികളുടെ ടെണ്ടർ നടപടിക്രമങ്ങളിൽ സുതാര്യത ഇല്ല.

2017-18 -ൽ കരാർ മുഖേന നടത്തിയ എല്ലാ പ്രവർത്തികളിലും രണ്ട് പേർ വീതമാണ് ടെണ്ടറിൽ പങ്കെടുത്തിട്ടുള്ളത്.ഒരു കരാറുകാരൻ എസ്റ്റിമേറ്റ് നിരക്കിൽ ടെണ്ടർ നൽകുമ്പോൾ മറ്റെയാൾ എസ്റ്റിമേറ്റ് നിരക്കിനേക്കാൾ അധികവും ചിലപ്രവർത്തികളിൽ 0.01% കുറവും രേഖപ്പെടുത്തുന്നു.കരാറുകാർ തമ്മിലുള്ള ധാരണയുടെ പുറത്താണ് പ്രവർത്തികൾ നടത്തുന്നത് എന്നത് ഇതിൽ നിന്നും വ്യക്തമാണ്. ടെണ്ടർ നടപടികൾ മത്സരാധിഷ്ഠിതമാക്കാൻ ഭരണസമിതി ശ്രദ്ധിക്കേണ്ടതാണ്.

കൺവീനർ വർക്ക് അപാകതകൾ

ഗ്രാമ പഞ്ചായത്ത് 2017-18 വർഷങ്ങളിൽ ഗുണ. സമിതി മുഖേനെ നടപ്പാക്കിയ മരാമത്ത് പ്രവർത്തികളിൽ ചുവടെ

ചേർത്തിരിക്കുന്ന അപാകതകൾ കാണുന്നു.കേരള പഞ്ചായത്ത് രാജ് പൊതുമരാമത്ത് ചട്ടം 13 വകുപ്പിൽ ഗുണ .സമിതി മുഖേന നടപ്പാക്കുന്ന പ്രവർത്തികളിൽ സമിതി രൂപീകരണം, പ്രവർത്തനം, തയ്യാറാക്കി സൂക്ഷിക്കേണ്ട രജിസ്റ്ററുകൾ , ബില്ലുകൾ അനുവദിക്കൽ എന്നിവ സംബന്ധിച്ച് വ്യക്തമായ നിർദേശം നൽകിയിട്ടുണ്ട്. എന്നാൽ ഗ്രാമ പഞ്ചായത്ത് നടപ്പാക്കിയ മരാമത്ത് പ്രവർത്തികളിൽ മിക്കതിലും ഇത്തരത്തിലുള്ള നിർദ്ദേശങ്ങൾ മുഴുവനായും പാലിച്ചതായി കാണുന്നില്ല.പ്രവർത്തി നടത്തുന്നതിനാവശ്യമായ എല്ലാ പണമിടപാടുകളും തൊട്ടടുത്ത സഹകരണ ബാങ്കിൽ/ഗ്രാമീണ ബാങ്കിൽ സമിതി ചെയർമാന്റെയും , കൺവീനറുടെയും പേരിൽ ആരംഭിക്കുന്ന സംയുക്ത അക്കൗണ്ടിൽ കൂടി മാത്രമേ നടത്താവൂ എന്ന് നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ ഗ്രാമ പഞ്ചായത്ത് കൺവീനർമാർ മുഖേന നടപ്പാക്കിയ ഒരു പ്രവർത്തിക്കും സംയുക്ത ബാങ്ക് അക്കൗണ്ട് ആരംഭിച്ചതിന്റെ രേഖകൾ പരിശോധനക്ക് ലഭ്യമായില്ല..കൂലി, മെറ്റീരിയൽസ് ഇടങ്ങിയ ചെലവുകളൊന്നും ഇത്തരത്തിലുള്ള അക്കൗണ്ടിലൂടെ നടത്തിയതായി കാണുന്നില്ല.വരവ് ചെലവു കണക്കുകൾ നിർവ്വഹണോദ്യോഗസ്ഥൻ സൂക്ഷ്മ പരിശോധന നടത്തി സാക്ഷ്യപ്പെടുത്തിയിട്ടുമില്ല.

ക്യാഷ്ബുക്ക് രേഖപ്പെടുത്തലുകൾ അപൂർണ്ണം

അസി.എഞ്ചിനീയറുടെ ക്യാഷ് ബുക്ക് പരിശോധിച്ചതിൽ തനത് ഫണ്ട് വരവുകൾ ഒന്നും തന്നെ രേഖപ്പെടുത്തിയതായി കാണുന്നില്ല.മാത്രമല്ല രേഖപ്പെടുത്തിയവ ഒന്നും തന്നെ സാക്ഷ്യപ്പെടുത്തിയിട്ടില്ല. ക്യാഷ്ബുക്കിൽ എല്ലാ വരവ് ചെലവുകളും രേഖപ്പെടുത്തി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.

## 3-7 സെക്രട്ടറി നിർവഹണം നടത്തിയ പദ്ധതികളിലെ അപാകതകൾ

സെക്രട്ടറി നിർവഹണം നടത്തിയ താഴെപ്പറയുന്ന പദ്ധതികളിൽ ഓഡിറ്റിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രൊജക്റ്റ് | വൗച്ചർ നം./ തിയ്യതി | തുക | അപാകതകൾ |
|---|---|---|---|---|
| 1 | 3/18 : SSA വിഹിതം നല്കൽ -ജനറൽ | 21700803/29-6-17 | 1,00,000 | a) രശീതി ഇല്ല.<br>b) മോണിറ്ററിംഗ് റിപ്പോർട്ട് ഇല്ല.<br>c) വിനിയോഗസാക്ഷ്യ പത്രം പരിശോധിച്ചതായോ, അതിൽപ്പറയുന്ന കാര്യങ്ങൾക്ക് ഉപോൽബലകമായ രേഖകൾ ലഭിച്ചതായോ കാണുന്നില്ല. ഉദാഹരണമായി, കോളം 8, നിശ്ചിത എണ്ണത്തിൽ കൂടുതൽ കുട്ടികളുള്ള സ്കൂളിലെ അധിക അധ്യാപകർക്കുള്ള ശമ്പളം എന്ന ഇനത്തിൽ 1 ആൾക്ക് 6 ലക്ഷം രൂപയും, കോളം 9-ൽ കലാകായികാധ്യാപകർക്കുള്ള ശമ്പളം ഇനത്തിൽ 1 ആൾക്ക് 11.55 ലക്ഷം രൂപയും നല്കിയതായി കാണിച്ചതിന്റെ ആധികാരികത വ്യക്തമല്ല. |
| 2 | 4/18: SSA വിഹിതം നല്കൽ SC | 21700801/29-6-17 | 6,00,000 | |
| 3 | 6/18: തെരുവ് വിളക്ക് റിപ്പയർ | 21701058/16-3-18 | 1,44,300 | a) 1,44,300 രൂപയ്ക്ക് ഉപകരണങ്ങൾ വാങ്ങിയിട്ടുണ്ട്, എന്നാൽ സ്റ്റോക്കിലെടുത്തിട്ടില്ല.<br>b) 98,103 രൂപയ്ക്ക് റിപ്പയർ ചെയ്തിട്ടുണ്ട്, ഏതെല്ലാം വിളക്കുകൾ റിപ്പയർ ചെയ്തു എന്ന വിവരം ഫയലിൽ ഇല്ല. പഞ്ചായത്തിൽ നിലവിൽ ഉള്ള തെരുവു വിളക്കുകളുടെ വിവരം കാണിക്കുന്ന രജിസ്റ്റർ തയ്യാറാക്കിയിട്ടുമില്ല. |
| | | 21701055/31-3-18 | 98,103 | |
| 4 | 38/18: PMAY (G) വിഹിതം അടവാക്കൽ (മത ന്യൂനപക്ഷം) | 21700813/31-7-17 | 60,000 | a) കൈപ്പറ്റിയതിന്റെ രശീതി ഇല്ല.<br>b) വിനിയോഗ സാക്ഷ്യപത്രം ഇല്ല.<br>c) ഗുണഭോക്തൃ പട്ടിക ഇല്ല.<br>d) മോണിറ്ററിംഗ് റിപ്പോർട്ട് ഇല്ല. |
| 5 | 39/18 : PMAY (G) വിഹിതം അടവാക്കൽ | 21700814/31-7-17 | 1,35,000 | |

| | | | | |
|---|---|---|---|---|
| | (SC) | | | e) പൂർത്തീകരണ സാക്ഷ്യപത്രം ഇല്ല. |
| 6 | 157/18 : IAY അധിക വിഹിതം SC അടവാക്കൽ 2016-17 | 21700815/31-7-17 | 75,000 | |
| 7 | 169/17 : ഹോമിയോ ഡിസ്പെൻസറിയിലേക്ക് മരുന്ന വാങ്ങൽ | 21700853/27-10-17 | 2,00,000 | സ്റ്റോക്കിലെടുത്തിട്ടില്ല. |
| 8 | 173/18 :പ്രസിഡന്റിന്റെ റൂമിലേക്ക് ഫർണിച്ചർ വാങ്ങൽ | 21701003/22-2-18 | 24,496 | a) ബില്ലിൽ സ്റ്റോക്ക് വിവരം ചേർത്തിട്ടില്ല.<br>b) സ്റ്റോർ പർച്ചേസ് മാനവൽ പ്രകാരമുള്ള ആവശ്യകത നിർണയിച്ചതിന്റെ വിവരം ഇല്ല.<br>c) വാങ്ങിയ സാധനങ്ങളിൽ നമ്പർ രേഖപ്പെടുത്തിയിട്ടില്ല.<br>d) മോണിറ്ററിംഗ് റിപ്പോർട്ട് ഇല്ല.<br>e) പൂർത്തീകരണ സാക്ഷ്യപത്രം ഇല്ല. |
| 9 | 184/18 :ഫ്രണ്ട് ഓഫീസ് അടിസ്ഥാന സൗകര്യം ഏർപ്പെടുത്തൽ | 21701079/24-3-18 | 58,000 | |
| | ആകെ | | 14,94,899 | |

അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്. അപാകതകൾ പരിഹരിക്കുന്നതു വരെ 17,37,102 രൂപയുടെ ചെലവ് തടസ്സം ചെയ്യുന്നു. പദ്ധതികളുടെ വിജയകരമായ പൂർത്തീകരണത്തിൽ വികസന കാര്യ സ്റ്റാന്റിംഗ് കമ്മറ്റിയുടെ നിരീക്ഷണവു മേൽനോട്ടവും ഇല്ലാത്തതിന്റെ കാരണവും വിശദീകരിക്കേണ്ടതാണ്. (ഇതു സംബന്ധമായി നൽകിയ ഓഡിറ്റ് എൻക്വയറി നം.11/28-07-2018ന് ലഭിച്ച മറുപടിയിൽ, അപാകതകൾ പരിഹരിച്ച് അറിയിക്കുന്നതാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്).

## 3-8 നടപടി ക്രമങ്ങൾ പാലിക്കാതെ വാങ്ങലുകൾ നടത്തിയത്- സംബന്ധിച്ച്

അസിസ്റ്റന്റ് സെക്രട്ടറി എന്നിവർ നിർവ്വഹണം നടത്തിയ താഴെപ്പറയുന്ന പ്രൊജക്ടുകളിൽ നടത്തിയ store purchase കളിൽ സർക്കാർ ഉത്തരവുകൾ പ്രകാരമുള്ള നടപടിക്രമങ്ങൾ പാലിച്ചിട്ടില്ല :

| പ്രൊജക്ട് | നിർവ്വഹണ ഉദ്യോഗസ്ഥൻ | സ്ഥാപനം | തുക | റിമാർക്സ് |
|---|---|---|---|---|
| പട്ടികജാതിയിൽപ്പെട്ട വിദ്യാർത്ഥികൾക്ക് ലാപ് ടോപ്<br>നം. : SO22/18<br>അടങ്കൽ - 7,00,000<br>ബിൽ നം. 5/14-09-2017 :<br>4,21,429<br>ബിൽ നം. 7/09-10-17 :<br>247899 | അസിസ്റ്റന്റ് സെക്രട്ടറി | Indus E Market, കോഴിക്കോട് | 6,69,328 | ടെണ്ടർ ഫോറം വില 1470 രൂപ ലഭ്യമായിട്ടില്ല.<br>EMD 7000 രൂപ അടവാക്കിയിട്ടില്ല. |
| പട്ടികജാതി ബിരുദ-ബിരുദാനന്തര, പ്രൊഫഷണൽ വിദ്യാർത്ഥികൾക്ക് ലാപ് ടോപ് | അസിസ്റ്റന്റ് സെക്രട്ടറി | Indus E Market, കോഴിക്കോട് | 4,46,580 | സെക്യൂരിറ്റി ഡെപ്പോസിറ്റ് 22,329 രൂപ<br>ഈടാക്കിയിട്ടില്ല. |

| | | | | |
|---|---|---|---|---|
| നം. : SO37/18<br>അടങ്കൽ - 4,50,000<br>ബിൽ നം. 14/28-02-2018 :<br>2,32,000<br>ബിൽ നം. 16/12-03-2018 :<br>2,14,580 | | | | |

മേൽ അപാകതകൾ പരിഹരിക്കേണ്ടതാണ്.

സ്ഥാപനം നടത്തുന്ന വാങ്ങലുകളിൽ ടെണ്ടർ ഫോറം വില, ഇ.എം.ഡി., സെക്യൂരിറ്റി ഡെപ്പോസിറ്റ് എന്നിവ ഈടാക്കുന്നതിന് ജി.ഒ.(പി)നം. 03/2013/എസ്.പി.ഡി./21-06-2013 -ാം നമ്പർ സ്റ്റോർ പർച്ചേസ് മാന്വൽ, 10-01-2017ലെ എസ്.ഒ. 85(E) നമ്പർ കേന്ദ്രസർക്കാർ വിജ്ഞാപനം എന്നിവയിൽ വിശദമാക്കിയ നടപടികൾ സ്വീകരിക്കേണ്ടതാണ്.(ഇതു സംബന്ധമായി നൽകിയ ഓഡിറ്റ് എൻക്വയറി നം.2/24-07-18ന് തുടർ നടപടി കൈക്കൊണ്ട് വിവര അറിയിക്കാമെന്ന് മറുപടി ലഭിച്ചിട്ടുണ്ട്)

## 3-9 പരിരക്ഷ പദ്ധതി- മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾ പാലിച്ചിട്ടില്ല

പ്രൊജക്ട് : പരിരക്ഷ ഹോംകെയർ പദ്ധതി

നം. : S0024/18

അടങ്കൽ : 5,75,000 (പ്ലാൻ -ജനറൽ)

എ) പാലിയേറ്റീവ് പരിചരണത്തിനു വേണ്ടിയുള്ള മാർഗ്ഗരേഖ (സ.ഉ(ആർ.ടി) 3217/15/ത.സ്വ.ഭ.വ തിയതി 29-10-2015) യിലെ പല നിർദ്ദേശങ്ങളും പാലിച്ചിട്ടില്ല :

1. മാർഗ്ഗരേഖയിലെ ഖണ്ഡിക 2.3 ൽ സൂചിപ്പിച്ച പ്രകാരം ഓരോ സാമ്പത്തിക വർഷാരംഭത്തിലും ഗ്രാമ പഞ്ചായത്ത് ഒരു പാലിയേറ്റീവ് കെയർ മാനേജ്മെന്റ് കമ്മിറ്റി(പി.എം.സി) രൂപീകരിക്കേണ്ടതും പ്രസ്തുത കമ്മിറ്റി രണ്ട് മാസത്തിലൊരിക്കലോ അതിനിടക്കുള്ള ഇടവേളകളിലോ ആവശ്യാനുസരണം യോഗം ചേർന്ന് പാലിയേറ്റീവ് പ്രവർത്തനങ്ങളെ വിലയിരുത്തേണ്ടതാണ്. എന്നാൽ പി എം സി മിനട്സ്(2017-18) പരിശോധിച്ചതിൽ വർഷാരംഭത്തിൽ പാലിയേറ്റീവ് കെയർ മാനേജ്മെന്റ് കമ്മിറ്റി (പി എം സി) രൂപീകരിച്ചതിന്റെ വിവരം ഇല്ല. 2017-18 വർഷം 4 തവണ മാത്രമാണ് യോഗം ചേർന്നിട്ടുള്ളത്.

2. മാർഗ്ഗരേഖ ഖണ്ഡിക 2.4 ൽ സൂചിപ്പിച്ച പ്രകാരം പാലിയേറ്റീവ് കെയർ പ്രവർത്തനങ്ങൾ ഫലപ്രദമായും സുഗമമായും മുന്നോട്ട് പോകുന്നതിനായി ഒരു പാലിയേറ്റീവ് കെയർ ഇംപ്ലിമെന്റേഷൻ കമ്മറ്റിയും (പി.ഐ.സി) രൂപീകരിക്കേണ്ടതുണ്ട്. എല്ലാ മാസവും 5ാം തിയതിക്ക് മുമ്പായി ഈ കമ്മിറ്റി യോഗം ചേർന്ന് വിലയിരുത്തൽ നടത്തേണ്ടതാണ്. എന്നാൽ അപ്രകാരം കമ്മിറ്റി രൂപീകരിച്ചതായി കാണുന്നില്ല.

3. മാർഗ്ഗരേഖ ഖണ്ഡിക 2.6.3-(6) പ്രകാരം ഓരോ ദിവസത്തേയും ഹോം കെയർ നടന്നു കഴിഞ്ഞാൽ തൊട്ടടുത്ത ദിവസം ഗൃഹസന്ദർശന വിവരങ്ങൾ രേഖപ്പെടുത്തിയ അനുബന്ധം 3 പ്രകാരമുള്ള ഫോറവും ഹോംകെയർ റിപ്പോർട്ട് ബുക്കും പാലിയേറ്റീവ് കെയർ നഴ്സ് മെഡിക്കൽ ഓഫീസർക്ക് സമർപ്പിച്ച് ഒപ്പ് വാങ്ങിക്കേണ്ടതാണ്. ഇപ്രകാരം ചെയ്യുതിട്ടില്ല.
സർക്കാർ നിർദ്ദേശം കൃത്യമായി പാലിക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്. മാർഗ്ഗ നിർദ്ദേശങ്ങൾ പാലിച്ചുകൊണ്ട് പാലിയേറ്റീവ് കെയർ പ്രവർത്തനങ്ങൾ കാര്യക്ഷമമായി നടക്കുന്നുണ്ടെന്ന് ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മറ്റി ഉറപ്പുവരുത്തേണ്ടതാണ്.(ഇതു സംബന്ധമായി നൽകിയ ഓഡിറ്റ് എൻക്വയറി നം.3/26-07-2018ന് ലഭ്യമാക്കിയ മറുപടിയിൽ പരിഹരിക്കാത്ത അപാകതകളാണ് ഈ ഖണ്ഡികയിൽ പരാമർശിച്ചത് )

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | ലഭിച്ച തുക | പദ്ധതി പേര്,നം | ചെലവഴിച്ച തുക | നീക്കിയിരിപ്പ് |
|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് | 819950 | പ്രോ.നമ്പർ 30/18 - 18 വയസ്സിൽ താഴെ ഡേ കെയറിലോ സ്കൂളിലോ പോകാത്ത ഭിന്നശേഷിക്കാരായ കുട്ടികൾക്കുള്ള സ്കോളർഷിപ്പ് | 0 | 20000 |
| | | പ്രോ.നമ്പർ 31/18 - 18 വയസ്സിൽ താഴെ ഡേ കെയറിലോ സ്കൂളിലോ പോകാത്ത ഭിന്നശേഷിക്കാരായ കുട്ടികൾക്കുള്ള സ്കോളർഷിപ്പ് | 0 | 20000 |
| | | പ്രോ നമ്പർ 40/18 – സമഗ്ര നെൽകൃഷി വികസനം | 379950 | 0 |
| | | പ്രോ നമ്പർ 34/18 അംഗപരിമിതർക്കുള്ള സ്കോളർഷിപ്പ് | 400000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 464950 | പ്രോ.നമ്പർ 40/18 സമഗ്ര നെൽകൃഷി വികസനം | 379950 | 0 |
| | | പ്രോ.നമ്പർ 96/18 പച്ചക്കറി കൃഷി കൂലിച്ചെലവ് | 85000 | 0 |

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഇല്ല

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല.

## 4-4 വായ്പ/ വായ്പ തിരിച്ചടവ്

ഇല്ല

## 4-5 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ /തിയ്യതി |
|---|---|---|---|---|
| 2006 -07 | 3(14) | 11,687 | കൃഷ്ണ കുമാർ,<br>കൃഷി ഓഫീസർ | 117030101892<br>19/06/2017 |

| | | | | |
|---|---|---|---|---|
| | 3(14) | 21,151 | | 117031101893<br>19/06/2017 |
| | 3(15) | 2,028 | | 117030101894<br>19/06/2017 |
| ആകെ | | 34,866 | | |

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|
| 1998-99 | 2-1 | 2006-07 | മരാമത്ത് | നടപടി തുടരുന്നു |
| 2005-06 | 2-4 | 2007-08 | പദ്ധതി ലക്ഷ്യംകണ്ടില്ല | നടപടി തുടരുന്നു |
| 2005-06 | 2-12 | 2007-08 | പദ്ധതി ലക്ഷ്യംകണ്ടില്ല | നടപടി തുടരുന്നു |
| 2005-06 | 2-30 | 2007-08 | പദ്ധതി ലക്ഷ്യംകണ്ടില്ല | നടപടി തുടരുന്നു |
| 2005-06 | 2-31 | 2007-08 | പദ്ധതി ലക്ഷ്യംകണ്ടില്ല | നടപടി തുടരുന്നു |
| 2004-05 | 3-7 | 2007-08 | തുക വിനിയോഗിച്ചില്ല | നടപടി തുടരുന്നു |
| 2005-06 | 2-14 | 2007-08 | വിനിയോഗ വിവരം ഇല്ല | നടപടി തുടരുന്നു |
| 2009-10<br>2010-11 | 3-15 | 2012-13 | ദുരിതാശ്വാസനിധി | നടപടി തുടരുന്നു |

## 4-8 ചാർജ് / സർചാർജ് നടപടി വഴി ഈടാക്കിയ തുക

| ക്രമ നമ്പർ | റിപ്പോർട്ട് വർഷം | ഖണ്ഡിക നം. | ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ പേര്, ഔദ്യോഗിക സ്ഥാനം, ഭരണ വകുപ്പ് | സർചാർജ് സർട്ടിഫിക്കറ്റ് | | സ്വയം അടവാക്കിയ തുക (രസീത് നമ്പർ/ തീയതി) | റവന്യൂ റിക്കവറി നടപടിയിലൂടെ ഈടാക്കിയ തുക (തീയതി) | കോടതി വ്യവഹാരങ്ങളിൽ | | ആകെ ലഭ്യമായ തുക | അവശേഷിക്കുന്ന തുക/ ബാധ്യത | റിമാർക്ക്സ് |
|---|---|---|---|---|---|---|---|---|---|---|---|---|
| | | | | നമ്പരും തീയതിയും | തുക | | | ഉൾപ്പെട്ട തുക | ഈടാക്കിയ തുക | | | |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 | 13 |
| 1 | 2008-09 | 3-3 | സി.വി.കൃഷ്ണകുമാർ, സെക്രട്ടറി, | Lf 2643 /sp cell/ sc/d1/12/dtd 31.10.14 | 23723 | 0 | 0 | 0 | 0 | 0 | 23723 | - |

## 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 5,07,15,442 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 5,92,66,165 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 17,94,899 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-4 | 3,00,000 | ഡോ. സമിത പടിക്കൽ, മെഡിക്കൽ ഓഫീസർ. |
| 3-7 | 11,70,000 | ശ്രീ. എം.വി. രാമൻകുട്ടി വാര്യർ,സെക്രട്ടറി. |
| 3-7 | 3,24,899 | ശ്രീ. വിനോദ് കുമാർ.ടി.എം, സെക്രട്ടറി. |
| ആകെ | 17,94,899 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

ഇല്ല.

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1992-1993,1993-1994 1994-1995 | എൽ.എഫ്.എം.07/1012/97തിയ്യതി : 18.9.2010 | 6 |
| 1995-96 | എൽ.എഫ്.എം-14/25/2000തിയ്യതി:18.9.2010 | 7 |
| 1996-97 | എൽ.എഫ്.എം-14/24/2000തിയ്യതി:18.9.2010 | 8 |
| 1997-98 | എൽ.എഫ്.എം-16/227/06തിയ്യതി :18.9.2010 | 3 |
| 1998-99 | എൽ.എഫ്.എം-16/232/06തിയ്യതി :18.9.2010 | 11 |
| 1999-00 | എൽ.എഫ്.എം-12/845/2001തിയ്യതി.18-09-10 | 8 |
| 2001-02 | എൽ.എഫ്.എം-16/1159/07തിയ്യതി :18.9.2010 | 2 |
| 2002-03 | എൽ.എഫ്.എം-16/1160/07തിയ്യതി :18.9.2010 | 8 |
| 2003-04 | എൽ.എഫ്.എം-16/1161/07/തിയ്യതി :18.9.2010 | 5 |
| 2004-05 | എൽ.എഫ്.എം-16/1162/07തിയ്യതി :18.9.2010 | 5 |
| 2005-06(ചെലവ്) | എൽ.എഫ്.എം-16/1163/07/തിയ്യതി :18.9.2010 | 32 |
| 2005-06 (വരവ്) | എൽ.എഫ്.എം-16/1348/07/തിയ്യതി :18.9.2010 | 1 |
| 2006-07 | എൽ.എഫ്.എം-16/1349/08തിയ്യതി :18.9.2010 | 43 |
| 2007-08 | എൽ.എഫ്.എം-11/1767/11തിയ്യതി :14.2.2012 | 12 |
| 2008-09 | എൽ.എഫ്.എം-11/1768/07 തിയ്യതി:14.2.2012 | 17 |
| 2009-10,2010-11 | എൽ.എഫ്.എം-11/2153/14തിയ്യതി:4-12-2014 | 5 |
| 2011-12,2012-13 | കെ.എസ്.എ.എം.പി.എം-11/1952/15 തിയ്യതി :16.09.15 | 24 |
| 2013-14 2014-15 | കെ.എസ്.എ.എം.പി.എം-11/1929/16 തിയ്യതി :03.08.16 | 25 |

| | | |
|---|---|---|
| 2015-16 | കെ.എസ്.എ.എം.പി.എം11/3265/16/<br>തിയ്യതി :22.12.16 | 16 |
| 2016-17 | കെ.എസ്.എ.എം.പി.എം-തിയ്യതി : | 11/3265/16 |

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ഡെപ്യൂട്ടി ഡയറക്ടർ

# അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

നം:കെ.എസ്.എ.എം.പി.എം.11/1946/2018 തിയതി 27-09-2018

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ വകുപ്പ്.4, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(6) 2011ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങളിലെ ചട്ടം 64 എന്നിവ അനുസരിച്ചും പഞ്ചായത്ത് / നഗരപാലിക സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും 22.05.2018 ലെ (സാധാ)1413/ 2018/ത.സ്വ. ഭ.വ, നമ്പർ സർക്കാർ ഉത്തരവിലെ നിബന്ധനകൾ പ്രകാരവും ഏലംകുളം ഗ്രാമ പഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു .

എന്റെ അഭിപ്രായത്തിൽ ഈ റിപ്പോർട്ടിൽ പരാമർശിച്ച അപാകതകൾ ഒഴികെ ഓഡിറ്റിന് ഹാജരാക്കിയ രേഖകൾ പരിശോധിച്ചതിൽ സ്ഥാപനത്തിന്റെ 2017-18 ലെ വാർഷിക ധനകാര്യ പത്രിക കൃത്യവും പൂർണ്ണവുമായ വിവരം നൽകുന്നു.

ഡെപ്യൂട്ടി ഡയറക്ടർ

ജില്ല ഓഡിറ്റ് കാര്യാലയം

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് .